(3) 2002-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധിബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2002-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ. ശങ്കരനാരായണൻ): സർ, 2002-ലെ. കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

Mr. Deputy Speaker : Are you speaking ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഞാൻ പിന്നെ സംസാരിക്കാം.

ശ്രീ. എൻ. രാജൻ : 2002-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 25-8-2003 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇതിനു തൊട്ടുമുമ്പ് ഇവിടെ ചർച്ച നടത്തിയ ഫിസ്കൽ റെസ്പോൺസിബിലിറ്റി ബില്ലിനെ സംബന്ധിച്ചുള്ള മറുപടി പ്രസംഗത്തിൽ ഫിസ്കൽ റെസ്പോൺസിബിലിറ്റി ബിൽ പാസ്സാക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടേയും പ്രവർത്തനത്തെ അടിമുടി ബാധിക്കുമെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. അതുപോലെതന്നെയാണ് ഈ ബിൽ പാസ്സാകുമ്പോഴും നമ്മുടെ സംസ്ഥാനത്തെ സഹകരണ-പൊതുമേഖലാ സ്ഥാപനങ്ങളുടേയും സർക്കാർ തലത്തിലുള്ള ഡിപ്പാർട്ടുമെന്റുകളുടെയും പ്രവർത്തനങ്ങളെ അടിമുടി ബാധിക്കും. ഈ ബിൽ മാത്രമല്ല, തൊട്ടുമുമ്പ് ചർച്ച ചെയ്ത ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ബില്ലും എ.ഡി.ബി.ക്കും നെതർലാന്റ് ഗവൺമെന്റിനും പരിപൂർണ്ണമായി അടിയറ വച്ചുകൊണ്ടുള്ളതാണെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ബിൽ നമ്മുടെ സാമ്പത്തിക മേഖലയെ സംബന്ധിച്ചുള്ളതാണെങ്കിൽ എ.ഡി.ബി.യുടെ നിർദ്ദേശമനുസരിച്ച് ഈ സഭ തന്നെ പാസ്സാക്കിയിട്ടുള്ള ചുമട്ടു തൊഴിലാളി ക്ഷേമനിധി നിയമം നമ്മുടെ തൊഴിൽ മേഖലയിൽ തൊഴിൽ തർക്ക നിയമങ്ങളിൽ പോലീസിനെ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിയമമാണ്. ലക്ഷക്കണക്കിന് തൊഴിലാളികളേയും അവരുടെ കുടുംബങ്ങളേയും ബാധിക്കുന്ന തൊഴിലാളി വിരുദ്ധ നിയമം എ.ഡി.ബി.യുടെ നിർദ്ദേശമനുസരിച്ച് ഈ സഭ പാസ്സാക്കിയിട്ടുള്ളതാണ്. അതു മാത്രമല്ല നേരത്തെ സെലക്ട് കമ്മിറ്റിക്കു വിട്ട ഇൻഫ്രാസ്ട്രക്ച്ചർ ബിൽ, ഇവിടെ വരാൻ പോകുന്ന ഇലക്ട്രിസിറ്റി ബിൽ ഇതൊക്കെത്തന്നെ നമ്മുടെ നിയമ പരിഷ്ക്കാര കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് നമുക്ക് സർക്കുലേറ്റ് ചെയ്തിട്ടുള്ളതാണ്. റിസർവ് ബാങ്ക് രൂപീകരിച്ച സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

സമിതിയുടെ ശക്തമായ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഈ ബിൽ വന്നതുതന്നെ. അതിൽ ആർക്കും തർക്കമില്ല. നമ്മൾ ലോൺ എടുക്കും. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നുമൊക്കെ കടമെടുക്കുന്ന ലോണുകൾക്ക് ഗ്യാരണ്ടി ഏർപ്പെടുത്തണം. അതിൽ ആർക്കും തർക്കമില്ല. നമ്മുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ അവർക്കുവേണ്ടി അടിയറ വയ്ക്കുകയാണ്. നമ്മുടെ സഹകരണമേഖലയെയും പൊതുമേഖലയെയും ബാധിക്കുന്ന നിരവധി പ്രശ്നങ്ങളുണ്ട്. ഇവിടെ പറഞ്ഞിരിക്കുന്നത് 14,000 കോടി രൂപയുടെ പരിധി നിശ്ചയിച്ചിരിക്കുന്നു എന്നാണ്. അങ്ങനെ പരിധി നിശ്ചയിക്കുമ്പോൾ നമ്മുടെ സഹകരണ മേഖലയുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയുമൊക്കെ സ്ഥിതി, നമ്മുടെ രാജ്യത്തെ പൊതുമേഖലയുടെ വളർച്ച തന്നെയാണ് നമ്മുടെ വികസനത്തിന്റേയും സമ്പത്തിന്റേയുമൊക്കെ നട്ടെല്ല്. ആ നട്ടെല്ലിനെ തകർക്കുന്ന തരത്തിൽ ഗ്യാരണ്ടിയുടെ പരിധി നിശ്ചയിച്ചു കൊണ്ടുള്ള ഈ ബിൽ നമുക്ക് ഒരുപാട് ആപത്ത് ഉണ്ടാക്കും. അതുകൊണ്ട് പരിധി നിശ്ചയിക്കുമ്പോൾ നമ്മൾ രണ്ടു വട്ടം ആലോചിക്കേണ്ടതാണ്. പല സംസ്ഥാന ഗവൺമെന്റുകളും ഇത്തരത്തിലുള്ള നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ട്. വെസ്റ്റ് ബംഗാൾ 2001-ൽ നിയമ നിർമ്മാണം നടത്തിയിട്ടുണ്ട്. Guarantee not exceed 90% of the State tax Revenue Receipt. സ്റ്റേറ്റ് ടാക്സ് റവന്യൂ റെസീപ്റ്റിന്റെ 90% ആണ് പരിധി ഏർപ്പെടുത്തിയിരിക്കുന്നത്. സിക്കിം ഗവൺമെന്റും നിയമം പാസ്സാക്കിയിട്ടുണ്ട്. അവർ സ്റ്റേറ്റ് ടാക്സ് റവന്യൂ റെസീപ്റ്റിന്റെ മൂന്നിരട്ടിയാക്കി പരിധി നിശ്ചയിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് 14,000 കോടി രൂപ വയ്ക്കുന്നത് രണ്ടുവട്ടം ആലോചിച്ചു കൊണ്ടുവേണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് പറയുകയാണെങ്കിൽ രണ്ടുമൂന്ന് ദിവസങ്ങളായി എഫ്.എ.സി.ടി.യെ സംബന്ധിച്ച് ടി.വി. മീഡിയത്തിലൂടെ നമ്മൾ കണ്ടതാണ്. എഫ്.എ.സി.ടി.-യുടെ ഓഹരി വിൽക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചു കൊണ്ടിരിക്കുകയാണ്. രണ്ടു മന്ത്രിമാർ അടക്കം കേരളത്തിലെ എല്ലാ എം.പി.മാരും രാഷ്ട്രീയത്തിന് അതീതമായി പ്രധാനമന്ത്രി ശ്രീ.എ.ബി. വാജ്പേയിയെ നേരിട്ടുകണ്ട് പറഞ്ഞ ചിത്രങ്ങൾ നമ്മുടെ മനസ്സിലുണ്ട്.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : എഫ്.എ.സി.ടി.യുടെ കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിമാർ ഇന്നലെ കണ്ടതല്ലേ പറഞ്ഞുള്ളൂ. ശ്രീ. ചന്ദ്രൻ പിള്ള എഫ്.എ.സി.ടി.യിൽ ആക്ഷൻ കൗൺസിലിന്റെ യൂണിയൻ ലീഡറാണ്. അദ്ദേഹമുൾപ്പെടെ, രണ്ടു മന്ത്രിമാർ കേരളത്തിലെ എല്ലാ എം.പി.മാരും ഒരുമിച്ച് ഇന്നലെ പ്രധാനമന്ത്രിയെ പോയി കണ്ടു. മിനിഞ്ഞാന്ന് രാജ്യസഭയിൽ എഫ്.എ.സി.ടി.യുമായി ബന്ധപ്പെട്ട് സഹകരണ മേഖലയുടെ കാര്യമായാലും ഗവൺമെന്റ് ഓഹരിയുടെ കാര്യമായാലും ഒരു നിർദ്ദേശവും കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടില്ലായെന്ന് പാർലമെന്റിൽ കേന്ദ്ര മന്ത്രി പറഞ്ഞതിനെത്തുടർന്നാണ് എല്ലാപേരും ഒരുമിച്ച് പ്രധാനമന്ത്രിയെ കാണാനിടയായത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട കെ.പി. രാജേന്ദ്രൻ പറഞ്ഞത് വസ്തുതാപരമല്ലായെന്നുള്ള കാര്യം മനസ്സിലാക്കണം. കാരണം ഇഫ്കോയെ കൊണ്ട് എഫ്.എ.സി.ടി.യെ ഏറ്റെടുപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റിന് കത്തെഴുതുകയും ആ നിലയ്ക്ക് സഹകരണ വകുപ്പ് അതിനുവേണ്ടി പണം മുടക്കാൻ തയ്യാറാകുകയും ചെയ്തിരുന്നു. എന്നാൽ ഇത് എങ്ങനെയെങ്കിലും വിറ്റ് കാശാക്കണമെന്നുള്ളതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഇഫ്കോയ്ക്ക് കൊടുക്കുന്നതിനോട് എതിരാണെന്നുള്ള വസ്തുത അങ്ങേക്ക് അറിയാമോ ?

ശ്രീ. രാജു എബ്രഹാം : സർ, എഫ്.എ.സി.ടി. മൂന്നു ദിവസത്തിനുള്ളിൽ സഹകരണ മേഖല ഏറ്റെടുക്കുമോ ഇല്ലയോയെന്ന് അറിയിക്കാനാണ് ശ്രീ. അരുൺ ഷൂറി മിനിഞ്ഞാന്ന് രാജ്യസഭയിൽ പറഞ്ഞിരിക്കുന്നത്. അതിന്റെ കാലാവധി ഇന്ന് തീരുകയാണ്. ഇവർക്ക് എന്തിനാണ് സമയം? ഇന്നലെവരെ അഞ്ചു പേർക്കായിരുന്നു ഫാക്സ്. ഇന്നലെ ആയപ്പോൾ നാലു പേർക്കേ ഫാക്സ് ഉള്ളൂ. ഇതിനകത്തുള്ള വസ്തുത എന്താണ്? ഇതിനല്ലേ ഇവർക്ക് സമയമുള്ളൂ ?

ശ്രീ. കെ. മുഹമ്മദാലി : എഫ്.എ.സി.ടി.യുടെ കാര്യത്തിൽ എല്ലാപേരും ഒരുമിച്ചാണ് നിൽക്കുന്നത്. അതിനകത്ത് ഒരു ഡിവിഷൻ ഉണ്ടാക്കേണ്ട കാര്യമില്ല. പൊതു താല്പര്യമാണ്. ഇഫ്കോയെ നിരുത്സാഹപ്പെടുത്തിയതും പുറകോട്ടു വലിച്ചതും കേന്ദ്ര ഗവൺമെന്റ് മിനിസ്ട്രിയാണ്. കേന്ദ്ര കൃഷി വകുപ്പിന്റെ കീഴിലാണ് എഫ്.എ.സി.ടി. വരുന്നത്. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സമയം നീട്ടിച്ചോദിക്കാൻ ശ്രമിക്കുന്നുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എല്ലാ ഭാഗത്തുനിന്നും ഒരുമിച്ചുള്ള മൂവ്മെന്റ് നടക്കുമ്പോൾ അതിലെന്തെങ്കിലും ക്ഷീണം ഉണ്ടാകുന്ന തരത്തിലുള്ള ആരോപണങ്ങൾ ഉണ്ടാകുന്നത് ശരിയല്ലായെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, എഫ്.എ.സി.ടി. ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് ഒരു കാര്യത്തിലും ഇടപെട്ടിട്ടില്ലായെന്ന് രാജ്യസഭയിൽ കേന്ദ്ര കൃഷി വകുപ്പുമന്ത്രി പറയുകയുണ്ടായി. അങ്ങനെ എഫ്.എ.സി.ടി.യുടെ കാര്യത്തിൽ ഇടപെട്ടിട്ടില്ലെങ്കിൽ എന്തുകൊണ്ട് കേന്ദ്ര മന്ത്രിയുടെ പ്രസ്താവനക്കെതിരായി ഒരു സ്റ്റേറ്റ്മെന്റ് കേരള ഗവൺമെന്റ് ഇറക്കിയില്ല ?

ശ്രീ. എൻ. രാജൻ : എഫ്.എ.സി.ടി.-യുമായി ബന്ധപ്പെട്ടുകൊണ്ട് നമ്മുടെ മെമ്പർമാർ സംസാരിച്ചു. കേരളത്തിലെ എല്ലാ എം.പി മാരും രണ്ട് മന്ത്രിമാർ അടക്കം കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും നമ്മുടെ പ്രധാനമന്ത്രിയെ സന്ദർശിച്ചു. അവിടെ എം.പി. മാരും ട്രേഡ് യൂണിയൻ നേതാക്കളും ഒക്കെ പറഞ്ഞത് കേരളത്തിൽ എഫ്.എ.സി.ടി പ്രവർത്തിപ്പിക്കണമെന്നാണ്. എന്നാൽ പ്രധാനമന്ത്രി ശ്രീ. വാജ്പേയി പറഞ്ഞത് കേരളം അങ്ങനെ ഒരു പ്രൊപ്പോസൽ വച്ചിട്ടില്ല, അങ്ങനെ ഒരു ആഗ്രഹം പോലും പ്രകടിപ്പിച്ചിട്ടില്ലെന്നാണ്. ഇത് ഈ അടുത്ത ദിവസം ടി.വി മാധ്യമങ്ങളിൽ കൂടി നമ്മളൊക്കെ അറിഞ്ഞതാണ്. സഹകരണമേഖലയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തണമെന്ന്

ആഗ്രഹിക്കുമ്പോൾ ഇത്തരത്തിലുള്ള ഗവൺമെന്റ് ഗ്യാരണ്ടി നിന്ന് ലോണുകൾ എടുക്കുന്നതിന് പരിധി ഏർപ്പെടുത്തണം. സഹകരണ മേഖലയിൽ എഫ്.എ.സി.ടി പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വരുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് അതിന്റെ പ്രവർത്തനം നടത്താൻ കഴിയില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. അതുപോലെ നമ്മുടെ സംസ്ഥാനത്ത് നിരവധി പൊതുമേഖലാ സ്ഥാപനങ്ങളൊക്കെ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ലോണുകൾ എടുത്തുകൊണ്ട് തന്നെയാണ് ഈ കാലമത്രയും അതിന്റെ പ്രവർത്തനങ്ങളിലും സമൂഹത്തിന്റെ വികസന കാര്യങ്ങളിലുമൊക്കെ ഏർപ്പെടുന്നത്. എഫ്.എ.സി.ടി. പോലും പ്രവർത്തിക്കാൻ പോകുന്നത് അങ്ങനെയാണ്. അതിനൊക്കെ ഈ ഗ്യാരന്റി ഏർപ്പെടുത്തുമ്പോൾ തീർച്ചയായിട്ടും അത് നമ്മുടെ സഹകരണമേഖലയുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും പ്രവർത്തനത്തെ ബാധിക്കും എന്നുള്ളതിൽ യാതൊരു സംശയവുമില്ല. എന്നാൽ മറിച്ച് ചില ആധികാരിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് നമ്മുടെ ഗവൺമെന്റ് ഗ്യാരണ്ടി നില്ക്കുമ്പോൾ കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞത് 75% ചുമത്തേണ്ടതും അത് യാതൊരു സാഹചര്യത്തിലും വേണ്ടെന്ന് വയ്ക്കാൻ പാടില്ലാത്തതുമാണ് എന്നാണ്. ലോണെടുക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ അതിന്റെ കമ്മീഷനായിട്ട് 75%വും അതിന്റെ പിഴപ്പലിശയായിട്ട്. 25%വും അടയ്ക്കേണ്ടതാണ്. എന്നാൽ നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങൾ ഇത്തരത്തിലുള്ള ഗ്യാരണ്ടി തുക അടയ്ക്കാത്തതിന്റെ ഫലമായി സർക്കാരിന് നിരവധി ബാധ്യതകളും പ്രയാസങ്ങളും നേരിടേണ്ടി വരുന്നതായി ചില ആധികാരിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. എന്നാൽ ഗവൺമെന്റ് ചില വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും പോലും പ്രോജക്ട് റിപ്പോർട്ടുകളിന്മേൽ ശരിയായ പരിശോധനയോ, നിയന്ത്രണമോ ഇല്ലാതെ ഗ്യാരണ്ടി നിന്നിട്ടുള്ളതായി ഈ റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കുന്നു. അതൊക്കെ പരിശോധിക്കേണ്ടതാണ്. ഫൈനാൻസ് ഡിപ്പാർട്ടുമെന്റ് യാതൊരു നിയന്ത്രണവുമില്ലാത യാതൊരു സ്ക്രൂട്ടിണിയും കൂടാതെ, യാതൊരു പരിശോധനയും കൂടാതെ ഇത്തരത്തിലുള്ള ഗ്യാരണ്ടി ഏർപ്പെടുത്തിയിട്ടുണ്ട്. അതൊക്കെ പരിശോധിക്കേണ്ടതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഈ പരിധി നിശ്ചയിക്കുമ്പോൾ എഫ്.എ.സി.റ്റിക്ക് ബുദ്ധിമുട്ടുണ്ടാകും. പക്ഷേ കൃത്യമായിട്ട് തിരിച്ചടയ്ക്കുമെന്നുള്ള ഉറപ്പ് ഈ നിയമത്തിൽ ആവശ്യമാണ്. അങ്ങനെ വരുമ്പോൾ ഇതിൽ ശ്രദ്ധിക്കേണ്ട ഒരു വിഷയം, ധാരാളം ധനകാര്യ സ്ഥാപനങ്ങൾ, പ്രത്യേകിച്ചും വിദേശത്തു നിന്നുള്ള ധനകാര്യ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന സമ്പത്ത് അത് അവരുണ്ടാക്കുന്നത് ചിലപ്പോൾ മയക്കുമരുന്ന് കച്ചവടത്തിൽ കൂടെയാകാം, സെക്സ് റാക്കറ്റിൽ കൂടെയാകാം, മറ്റു പല ആന്റി സോഷ്യൽ ആക്ടിവിറ്റീസിൽ കൂടെയാകാം. ആ പണം നമ്മളെപ്പോലുള്ള ആവശ്യക്കാരുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്ന ഒരു സ്ഥിതി ഉണ്ടാകുന്നുണ്ട്. ഇത്തരം വായ്പയുടെ സോഴ്സ് ഏതാണെന്ന് കൂടി നോക്കിയിട്ടു വേണം ഗവൺമെന്റ് ഗ്യാരണ്ടി നിൽക്കുന്നതിനുവേണ്ടി തീരുമാനിക്കാൻ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജൻ : ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ചില നല്ല വശങ്ങളും അതിൽ കാണുന്നുണ്ട്. 50 ശതമാനത്തിലേറെ ഗവൺമെന്റ് ഷെയറുള്ള സ്ഥാപനങ്ങൾക്ക് മാത്രമാണ് ഗ്യാരണ്ടി ലഭിക്കുന്നത്. സഹകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനികൾക്കും വ്യക്തികൾക്കും ഗ്രൂപ്പുകൾക്കുമൊക്കെ സർക്കാർ ഇത്തരത്തിൽ ഗ്യാരണ്ടി നിന്നിട്ടുണ്ട്. കോടിക്കണക്കിന് രൂപ നമ്മുടെ സംസ്ഥാനത്തിന് ഗ്യാരണ്ടി കമ്മീഷൻ ഇനത്തിൽ ഇപ്പോഴും ലഭിക്കാനുണ്ട്. അതിന്റെ ലിസ്റ്റുകളൊക്കെ എന്റെ കയ്യിലുണ്ട്. 31-1-1998 വരെ നമ്മുടെ സംസ്ഥാനത്ത് 28 സ്ഥാപനങ്ങളാണുണ്ടായിരുന്നത്. കെ.എസ്.ഐ.ഡി.സി 58.1 കോടി രൂപ, മലബാർ സിമന്റ്സ് 252 കോടി രൂപ, കെ. എസ്.ആർ.ടി.സി 276 കോടി രൂപ, കെ.എസ്.ഇ.ബി 230 കോടി രൂപ, ഇങ്ങനെ 28 സ്ഥാപനങ്ങൾക്കും കൂടി 3,152 കോടി രൂപ ഗ്യാരണ്ടി കമ്മീഷൻ ഇനത്തിൽ സംസ്ഥാനത്തിന് കിട്ടാനുണ്ട്. ധനകാര്യ വകുപ്പിന് ഇതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് യാതൊരു സ്ക്രൂട്ടിണിയും ഇല്ലെന്നും ഇത് നോക്കിയാൽ മനസ്സിലാകും. പല സ്ഥാപനങ്ങളിൽനിന്നും അത് പിരിച്ചെടുക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യാതെയാണ് ധനകാര്യവകുപ്പ് മുന്നോട്ട് പോകുന്നത്. നമ്മുടെ ധനകാര്യ സ്ഥാപനങ്ങൾക്ക് ഈ ഗ്യാരണ്ടി ബിൽ വളരെ പ്രയോജനം ചെയ്യുന്നതാണ്. ഗ്യാരണ്ടി നേടിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും അത് വസൂലാക്കുന്നതിന് ഫലപ്രദമായ അക്കൗണ്ടിംഗ് സംവിധാനങ്ങൾ ഇന്ന് ഇല്ല. അത് ഒരു വീഴ്ച തന്നെയാണ്. 1987, 1989, 1994 കാലഘട്ടങ്ങളിൽ ധനകാര്യവകുപ്പു നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊണ്ടിരുന്ന രജിസ്റ്റർ പോലും ഇന്നില്ല. ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് സർക്കാരിൽ നിന്നും ഗ്യാരണ്ടി കൊടുക്കുന്നത് എന്നു അറിയാൻ നമ്മുടെ ധനകാര്യ വകുപ്പിൽ ആധികാരിക റിക്കോർഡുകളോ രേഖകളോ ഒന്നുമില്ല. നമ്മുടെ ധനകാര്യ വകുപ്പിന് ഗവൺമെന്റിന് ലഭിക്കേണ്ട കമ്മീഷൻ ശാസ്തീയമായി അസസ്സ് ചെയ്ത് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുള്ള സംവിധാനം ഇന്നില്ല. അതുകൊണ്ട് പലപ്പോഴും ലോ എസ്റ്റിമേറ്റ് ബഡ്ജറ്റാണ് ഈ സഭയിൽ വരുന്നതുതന്നെ. വളരെ കൃത്യമായി ഗ്യാരണ്ടി കമ്മീഷൻ പിരിച്ചെടുക്കുവാനും ധനകാര്യ വകുപ്പിന് കഴിയുന്നില്ല. പല പൊതുമേഖലാസ്ഥാപനങ്ങളും തങ്ങൾക്ക് ലഭിച്ച ലോണുകൾ മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ഡൈവർട്ട് ചെയ്തതായിട്ടുള്ള സംഭവങ്ങളും ചില ആധികാരിക രേഖകൾ സൂചിപ്പിക്കുന്നു. ഇത്തരം കാര്യങ്ങൾ വളരെ കൃത്യമായി പരിശോധിക്കാനുള്ള സംവിധാനം ഈ ബില്ലിൽ ഉണ്ടാകണം. അങ്ങനെ ചില നല്ല വശങ്ങൾ മാത്രം നാം ഉൾക്കൊള്ളണം എന്നാൽ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിലും സഹകരണ-തൊഴിൽ മേഖലകളിലും ഈ ഗ്യാരണ്ടി ബിൽ വരുന്നതോടുകൂടി എ.ഡി.ബി ആഗ്രഹിക്കുന്നതുപോലെ അതിന്റെ പ്രവർത്തനത്തിൽ സഹകാര്യ മേഖലയുടെ കടന്നു കയറ്റം വളരെ ശക്തമായി ഉണ്ടാകും. അതിനൊക്കെ കാരണമായി നിൽക്കുന്ന ഈ ഗ്യാരണ്ടി ബില്ലും നേരത്തെ ഇവിടെ അവതരിപ്പിക്കപ്പെട്ട ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ബില്ലും ഒക്കെ നമ്മുടെ സംസ്ഥാനത്തിന്റെ ഗതിതന്നെ മാറ്റിമറിക്കും. അതുകൊണ്ട് ഈ ബിൽ രണ്ടു വട്ടം ആലോചിച്ചുകൊണ്ട്, പരിശോധിച്ചുകൊണ്ടുള്ള നിയമനിർമ്മാണം തന്നെ വേണം എന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി ഒരിക്കൽകൂടി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, 2002-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. ഈ ബിൽ തീർച്ചയായും സംസ്ഥാനത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ ഏറ്റവും അനിവാര്യമായ ഒന്നാണ്. എ.ഡി.ബി യുടെ ശുപാർശ പ്രകാരമാണ് ഇവിടെ ഇത്തരം ഒരു ബിൽ കൊണ്ടു വരുന്നത് എന്നുള്ള ഒരു ആക്ഷേപം പറയുന്നുണ്ട്. മാർക്സിസ്റ്റു പാർട്ടി ഭരിക്കുന്ന ബംഗാളിലും ഇതുപോലെയുള്ള നിയമം പ്രാബല്യത്തിൽ വന്നു കഴിഞ്ഞു. സിക്കിം, ഗോവ, ഗുജറാത്ത്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിലും ഇത്തരം നിയമം നിലവിലുണ്ട്. ആസ്സാം , ഒറീസ, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ ഇതുപോലെ ഒരു നിയമം കൊണ്ടു വരാൻ ഇന്ന് ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഏത് കാര്യങ്ങൾക്കും ഗവൺമെന്റ് ഗ്യാരണ്ടി കൊടുക്കുക എന്നുള്ള ഒരു സമീപനം സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിന്റെയത്രയും തന്നെ തുക ഇന്ന് ഗവൺമെന്റ് ഗ്യാരണ്ടി കൊടുത്തിട്ടുണ്ട്. ഏകദേശം 14,000 -ത്തോളം കോടി രൂപയ്ക്ക് ഇപ്പോൾത്തന്നെ ഗവൺമെന്റ് ഗ്യാരണ്ടി കൊടുത്തിരിക്കുകയാണ്. അതിന്റെ ഫലമായി പൊതുമേഖലാസ്ഥാപനങ്ങളും മറ്റും വിവിധ ബാങ്കുകളിൽ നിന്നും പരിധിയില്ലാതെ വായ്പയെടുത്തിട്ടുണ്ട്. ഗവൺമെന്റ് ഗ്യാരണ്ടിയുടെ പുറത്ത് അങ്ങനെ പരിധിയില്ലാതെ വായ്പയെടുത്തിട്ടുള്ള പല സ്ഥാപനങ്ങളും ഗവൺമെന്റ് ഗ്യാരണ്ടി കൊടുത്തതിന്റെ പേരിൽ തിരിച്ചടയ്ക്കാതെ വന്നിട്ടുണ്ട്. പല സ്ഥാപനങ്ങളും അടയ്ക്കേണ്ട സംഖ്യ ഗവൺമെന്റിന് തിരിച്ചടയ്ക്കേണ്ടി വന്നിട്ടുണ്ട്. ഇവിടെ ഗവൺമെന്റ് ഗ്യാരണ്ടി കൊടുത്തിട്ടുള്ള തുകയ്ക്ക്, അതിന്റെ പത്തു ശതമാനത്തിനെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ നേരിട്ട് നടപടി സ്വീകരിക്കാൻ മുന്നോട്ടു വന്നാൽ ഈ സംസ്ഥാനത്തിന്റെ എല്ലാ പ്രവർത്തനങ്ങളും സ്തംഭിക്കും. ഈ സംസ്ഥാനം ബാങ്ക്റപ്റ്റ് ആകും. അതാണ് സ്ഥിതി. ഇങ്ങനെ എല്ലാറ്റിനും ഗ്യാരണ്ടി കൊടുത്തുകൊണ്ട് ഗവൺമെന്റിന് വലിയ ബാദ്ധ്യതകൾ വരുത്തുന്നത് വളരെയധികം സൂക്ഷിച്ചു കൈകാര്യം ചെയ്യേണ്ട ഒന്നാണ്. ഭരണഘടനയുടെ സെക്ഷൻ 293(1) പ്രകാരം സർക്കാർ ജാമ്യത്തിന്റെ പരിധി നിശ്ചയിക്കണം എന്നുള്ളത് ഭരണഘടനാ ശിൽപ്പികൾ തന്നെ ഭരണഘടനയിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. എ.ഡി. ബി വന്നതൊക്കെ ഈ അടുത്ത കാലത്താണ്. പക്ഷേ, ഒരു ഗവൺമെന്റും ഭരണഘടനാ വ്യവസ്ഥയനുസരിച്ച് ഇങ്ങനെ ഒരു നിയമം കൊണ്ടുവരാറില്ലെന്നുമാത്രമല്ല, ഇവിടെ നേരത്തെ ശ്രീ. രാജേന്ദ്രൻ സൂചിപ്പിച്ചതുപോലെ ഓരോ സ്ഥാപനത്തിന്റേയും സാമ്പത്തിക സ്ഥിതി പരിശോധിക്കാതെ, വായ്പയെടുക്കുന്ന സംഖ്യ എന്തിനുവേണ്ടി ഉപയോഗിക്കുന്നു എന്നുള്ളത് നോക്കാതെ ഗവൺമെന്റ് ഗ്യാരന്റി കൊടുത്ത് അപകടത്തിൽപെട്ട സ്ഥിതിവിശേഷവും ഉണ്ട്. കോഴിക്കോട് റീജിയണൽ ഫിഷ് മാർക്കറിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 1995-ൽ ഗവൺമെന്റ് ഗ്യാരന്റി കൊടുത്തു. ഇത് ഗവൺമെന്റിന് ബാദ്ധ്യതയായി. അതും തിരിച്ചടയ്ക്കേണ്ടി വന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെ ഫിഷറീസ് കോർപ്പറേഷൻ, കേരളാ സോപ്സ് ആന്റ് ഓയിൽസ്, കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ, കാപ്പക്സ് തുടങ്ങിയ വിവിധ സ്ഥാപനങ്ങൾക്ക് ഗ്യാരന്റി

കൊടുത്തതിന്റെ ഫലമായി ഈ പണം ഗവൺമെന്റ് അടയ്ക്കേണ്ടതായിട്ട് വന്നിട്ടുണ്ട്. 1995-97 കാലയളവിൽ കശുവണ്ടി വികസന കോർപ്പറേഷനും, കാപ്പക്സിനും ഗ്യാരന്റി നൽകിയ വകയിൽ സംസ്ഥാന സഹകരണ ബാങ്കിന് 120 കോടി രൂപ സംസ്ഥാന ഗവൺമെന്റ് അടയ്ക്കേണ്ടതായിട്ട് വന്നു. ഇതുപോലെ മറ്റൊരു പ്രധാനപ്പെട്ട സംഭവം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഹൗസിംഗ് ബോർഡിന് ഗ്യാരന്റി കൊടുത്തിരുന്നു. മുൻ ഗവൺമെന്റിന്റെ അവസാന കാലത്ത് ഭവന നിർമ്മാണ ബോർഡ് കൂടിശ്ശിക വരുത്തിയതിന്റെ ഫലമായി അതിന്റെ പ്രവർത്തനം തന്നെ നിന്നുപോയി. നമുക്കെല്ലാവർക്കും അറിയാം, ഇവിടെ പഞ്ചായത്ത് തലത്തിലും മറ്റും മൈത്രീ ഭവന നിർമ്മാണ പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികളുടെ പ്രയോജനം ലഭിക്കേണ്ട ആളുകൾക്ക് പിന്നീട് ചിലർക്ക് രണ്ടാം ഗഡു കിട്ടിയിട്ടില്ല, മൂന്നാം ഗഡു കിട്ടിയിട്ടില്ല. അങ്ങനെ സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനം തന്നെ നിലച്ചുപോയി. കോടിക്കണക്കിന് രൂപ വകമാറി ചെലവാക്കി.

ശ്രീ. എം. വി. ജയരാജൻ : അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട, ഏറ്റവും പ്രസക്തമായിട്ടുള്ള വിഷയം തന്നെയാണ്. പലപ്പോഴും ഉയരുന്ന പ്രശ്നം വായ്പ തരുന്ന ധനകാര്യ ഏജൻസിയും, വായ്പയെടുക്കുന്ന സ്ഥാപനവും തമ്മിൽ ഡിസ്ക്കഷൻ നടത്തി തീരുമാനം എടുത്ത് ഗ്യാരന്റിയുടെ സമയത്ത് മാത്രമാണ് സർക്കാരിനെ സമീപിക്കുന്നത്. അതിനൊപകരം വായ്പയ്ക്ക് അപേക്ഷിക്കുന്നവരും, വായ്പതരുന്ന ധനകാര്യ ഏജൻസിയും സർക്കാരിന്റെ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് മുഖേന ഒരു ഡിസ്ക്കഷൻ നടത്തി ഇത് വയബിളാണോ എന്ന് നോക്കി ഗ്യാരന്റി നിൽക്കുന്ന ഒരു സിസ്റ്റം കൊണ്ടുവരാൻ ഈ നിയമത്തിൽ വ്യവസ്ഥ വരുത്തുന്നതിനോട് അങ്ങേയ്ക്ക് യോജിപ്പുണ്ടോ ?

ശ്രീ. കെ. ബാബു : ഈ നിയമത്തിൽ പൊതുതാൽപ്പര്യങ്ങൾക്കു വേണ്ടി എന്തെല്ലാം വ്യവസ്ഥകൾ കൊണ്ടുവരുന്നതിനും ഗവൺമെന്റ് എതിരല്ലല്ലോ. അത് സബ്ജക്ട് കമ്മിറ്റിയിൽ വേണമെങ്കിൽ ചർച്ച ചെയ്യാവുന്നതാണ്. മി. ജയരാജൻ പറഞ്ഞ നിർദ്ദേശത്തിന്റെ ആദ്യഭാഗം ഞാൻ പറഞ്ഞതുതന്നെയാണ്. കാരണം ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി എന്താണെന്ന് പരിശോധിക്കാതെ ഗവൺമെന്റ് ഗ്യാരന്റി നിൽക്കുന്നു, എടുക്കുന്ന പണം വകമാറി ചെലവാക്കുന്നു. ഞാൻ സൂചിപ്പിച്ചത് ഹൗസിംഗ് ബോർഡിന്റെ കാര്യത്തിൽ ഹഡ്കോ വായ്പ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കിട്ടാതെയായി. ത്രിതല പഞ്ചായത്ത് തലത്തിൽ നടപ്പാക്കിയ ഭവന പദ്ധതികളെല്ലാം തന്നെസ്തംഭിച്ചു. വകമാറി ചെലവാക്കിയതാണ് പ്രശ്നം. ഇവിടെ ആളുകൾ വീട് പൊളിച്ചിട്ട് ഈ വായ്പയുടെ വിവിധ ഗഡുക്കൾക്കു വേണ്ടി കാത്തിരുന്നു. ഇവർക്കാർക്കും തങ്ങളുടെ വീട് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. അവസാനം ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഹഡ്കോയുടെ കുടിശ്ശിക തീർത്ത് അത് റീ- സ്ട്രക്ച്ചർ ചെയ്ത് വീണ്ടും സംസ്ഥാന ഗവൺമെന്റിന് വായ്പ കിട്ടാനുള്ള ഒരു സാദ്ധ്യത ഉണ്ടാക്കിയത്. അപ്പോൾ ഇത് തീർച്ചയായിട്ടും വളരെ അനിവാര്യമായ ഒരു നിയമനിർമ്മാണമാണ്. കൂടുതലായിട്ട് പറയുന്നില്ല. 1995-96, 1999-2000 കാലയളവിൽ മൊത്തം ഗ്യാരന്റി നൽകിയ തുക ഇരട്ടിയായപ്പോൾ അവശേഷിക്കുന്ന ബാധ്യത നാലിരട്ടിയായി വർദ്ധിച്ചു. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗ്യാരന്റി കൊടുക്കുന്നതിനെക്കുറിച്ച് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിക്കുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി എന്താ ? 1995-1996-ൽ 1443.84 കോടി രൂപയാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടം. 1999-2000-ൽ അത് 2615.98 കോടി രൂപയായിട്ട് വർദ്ധിച്ചു. 2001-2002-ൽ ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടം 3,249 കോടി രൂപയായി വർദ്ധിച്ചു. അപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഗവൺമെന്റ് ഗ്യാരന്റി കൊടുക്കുന്നതിൽ ഒരു വീണ്ടുവിചാരം വേണമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ നിലനിർത്തണം, പക്ഷെ അതോടൊപ്പം തന്നെ പൊതുമേഖലാ സ്ഥാപനങ്ങളാണ് എന്നുകരുതി നിയന്ത്രണമില്ലാതെ വായ്പ എടുക്കുക, ആ വായ്പയ്ക്ക് ഗവൺമെന്റ് ഗ്യാരന്റി കൊടുക്കുക, അവസാനം ഗവൺമെന്റ് ഈ പണം തിരിച്ച് അടക്കേണ്ടി വരുന്ന സ്ഥിതി ഉണ്ടാകുന്നത് തീർച്ചയായും ഒഴിവാക്കേണ്ടതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : അങ്ങനെ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലനിൽപ്പു നോക്കിയിട്ടുവേണം ചെയ്യാൻ. അത് ശരിയാണ്, പക്ഷെ പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഓഹരി ഡിസ് ഇൻവെസ്റ്റ്മെന്റ് നടക്കുമ്പോൾ 50 ശതമാനത്തിൽ താഴെ വരും. 50 ശതമാനത്തിന് മേലുള്ളവർക്ക് എന്നുപറയുമ്പോൾ, പല പബ്ലിക് സെക്ടറും ഇപ്പോൾ തന്നെ, ടെൽക് ഉൾപ്പെടെ പലതിന്റെയും കണക്ക് എടുത്തു നോക്കുമ്പോൾ 50 ശതമാനത്തിന് താഴെ വരികയാണ്. ഓഹരി കൈമാറ്റം ഇനി കൂടുതലായിട്ട് വേഗത്തിൽ വരും. അങ്ങനെ വരുമ്പോൾ കേരളത്തിലെ പല പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഈ തരത്തിൽ ഗവൺമെന്റ് ഗ്യാരന്റി നിൽക്കാൻ കഴിയാതെ വന്നാൽ അത് അവരുടെ ഭാവി വികസനത്തിനെയും നിലനിൽപ്പിനെയും ബാധിക്കില്ലേ? അതിന് കൂടിയുള്ള ഒരു സൊല്യൂഷൻ നമ്മൾ കണ്ടുപിടിക്കേണ്ടതല്ലേ? സബ്ജക്ട് കമ്മിറ്റിയിൽ ആണെങ്കിലും ഒരു നിർദ്ദേശം വരേണ്ടതല്ലേ, ബില്ലിൽ വ്യവസ്ഥ കാണുന്നില്ല.

ശ്രീ. കെ. ബാബു : അല്ല, ബില്ലിൽ ആ വ്യവസ്ഥയുടെ ആവശ്യമില്ലല്ലോ, അങ്ങനെ ആണെന്നുണ്ടെങ്കിൽ പിന്നെ ഈ ബില്ലിന്റെ പ്രസക്തി തന്നെ ഉണ്ടാകില്ലല്ലോ. ഈ ബില്ലിന്റെ പ്രധാന ലക്ഷ്യമെന്താണ് ? ഇതിനൊരു പരിധി തീരുമാനിക്കുക. വായ്പ എടുക്കുന്ന, ജാമ്യം നിൽക്കുന്ന സംഖ്യയ്ക്ക് ഒരു പരിധി നിശ്ചയിക്കുക. 14,000-കോടി രൂപയായി നിജപ്പെടുത്തുക. അപ്പോൾ പിന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്കു വേണ്ടി ഗ്യാരന്റി കൊടുക്കാം എന്നുള്ള വേറെ ഒരു വ്യവസ്ഥ കൊണ്ടുവന്നാൽ പിന്നെ ഈ ബില്ലിന്റെ പ്രസക്തി ഇല്ലാതെയായി.. അപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ അങ്ങനെ നിലനിർത്തണം, അത് നിലനിർത്താവുന്നത് എല്ലാം നിലനിർത്തണം. പക്ഷെ ചില പൊതുമേഖലാ സ്ഥാപനങ്ങൾ ഒരു കാരണവശാലും നിലനിൽക്കില്ല എന്നു ബോദ്ധ്യപ്പെട്ടാൽ പിന്നെയും ആ പൊതുമേഖലാ സ്ഥാപനത്തെ നിലനിർത്താൻ വേണ്ടി കോടിക്കണക്കിന് രൂപയ്ക്കുവേണ്ടി ഗ്യാരന്റി കൊടുക്കുക എന്നുള്ളതിനോട് യോജിക്കാൻ സാധിക്കുമോ ? ഇവിടെ സാന്ദർഭികമായിട്ട് എഫ്.എ.സി.ടി യുടെ കാര്യം പരാമർശ വിഷയമായി. എഫ്.എ.സി.ടി.-യുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് താൽപ്പര്യമെടുത്തില്ല എന്നുപറയുന്നത് ശരിയല്ല. ഒന്ന് സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ ഒരു പരിധിവിട്ട് ഇത് വരുന്നില്ല. എഫ്.എ.സി.ടി ഡിസ് ഇൻവെസ്റ്റ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ തീരുമാനം എടുത്തത് ഈ രണ്ടു കൊല്ലം കൊണ്ട് അല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ നിർദ്ദേശം ഉണ്ടായിരുന്നു. ഇപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം ഉണ്ടായ ഒരു പ്രത്യേകത ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ഈ സ്ഥാപനം ഏറ്റെടുക്കുന്നതിന് തയ്യാറാണെന്ന് പറഞ്ഞ് വളരെ പോസിറ്റീവായിട്ട് ഒരു കത്ത് അയച്ചു, ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്നുപറയുന്നത് ശരിയല്ല. കേന്ദ്ര ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പൊതുമേഖലാ സ്ഥാപനങ്ങൾ എല്ലാം സമയബന്ധിതമായി വിറ്റ് തുലയ്ക്കണം എന്നുള്ള ഒരു നിലപാട് ഉണ്ട് എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. അത് സംസ്ഥാന ഗവൺമെന്റിന്റെ കുറ്റമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്ത് എഴുതിയിട്ടുണ്ട്. അത് മറച്ചുപിടിച്ചുകൊണ്ടാണ് ശ്രീ.കെ.പി. രാജേന്ദ്രനും, ശ്രീ രാജനും സംസാരിച്ചത് എന്ന് എനിക്ക് തോന്നുന്നു. നിങ്ങൾ ഈ കാര്യം സംസാരിക്കുമ്പോഴും അപ്പുറത്തിരിക്കുന്ന ചില അംഗങ്ങളും ഞങ്ങളും ഉൾപ്പെടെ ആലുവ എം.എൽ.എ. ശ്രീ. മുഹമ്മദാലിയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും, വ്യവസായ മന്ത്രിയെയും, സഹകരണ മന്ത്രിയെയും കണ്ട് ഈ സ്ഥാപനം എങ്ങനെ നിലനിർത്താം എന്നുള്ളതിനെക്കുറിച്ച് ആലോചന നടത്തിയിരിക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : ശ്രീ. ബാബു, ബാബുവിന്റെയും മുഹമ്മദാലിയുടെയും നിർദ്ദേശത്തെ ഞാൻ ചോദ്യം ചെയ്തതല്ല, ശ്രീ. മുഹമ്മദാലി ഇവിടെ പറഞ്ഞത് ശരിയാണ്. ഈ സഭയിൽ നമ്മൾ തമ്മിൽ ഇങ്ങനെ ഒരു തർക്കം ഉണ്ടാകാനും പാടില്ല. ആ തർക്കം ഉണ്ടാകുന്നത് നമുക്ക് സഹായകരമല്ല. പാർലമെന്റിൽ കേന്ദ്രമന്ത്രി ഇതുസംബന്ധിച്ച ചർച്ചയിൽ പറഞ്ഞ വിവരമാണ്. അതിന് തീർച്ചയായിട്ടും മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് അല്ലെങ്കിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരു ഓപ്പൺ സ്റ്റേറ്റ്മെന്റ് വരണം. നമ്മൾ ഇവിടെ ഉണ്ടെന്നു മാത്രം പറഞ്ഞാൽ പോരാ. പാർലമെന്റിലാണ് പറഞ്ഞത്, അതുകൊണ്ടാണ് ഞാൻ അത് സൂചിപ്പിച്ചത്.

ശ്രീ. കെ. ബാബു : ഇവിടെ ഞാൻ പറഞ്ഞുവന്നത് ഈ സംസ്ഥാന ഗവൺമെന്റിന് താൽപ്പര്യമില്ല എന്നുപറയുന്നത് ശരിയല്ല, കാരണം നിങ്ങളുടെ ഗവൺമെന്റ് ഇക്കാര്യത്തിൽ എടുക്കാത്ത താൽപ്പര്യം ഈ ഗവൺമെന്റ് എടുത്തിട്ടുണ്ട്. അതുകൊണ്ടാണല്ലോ സഹകരണ മേഖലയിൽ പണം മുടക്കാമെന്ന് സഹകരണ വകുപ്പുമന്ത്രി ശ്രീ. എം.വി. രാഘവനും, അതുപോലെ ഇഫ്കോ വഴി ഈ സ്ഥാപനം നടത്തിപ്പിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തും എഴുതിയത്. അപ്പോൾ പാർലമെന്റിൽ മറുപടി പറഞ്ഞു എന്നുപറഞ്ഞാൽ പലപ്പോഴും യാഥാർത്ഥ്യങ്ങളുമായി പൊരുത്തമില്ലാത്ത മറുപടികൾ വരാറുണ്ട്. അത് നമുക്കെല്ലാവർക്കും അറിയാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഇതുപോലെ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവിടന്ന് കാലവർഷക്കെടുതിക്ക് സഹായം ചോദിച്ച് പല പ്രാവശ്യം നിവേദനം നടത്തിയാലും, ഇവിടന്ന് പല നിവേദനങ്ങൾ കൊടുത്താലും ഇവിടന്ന് നിവേദനം കിട്ടിയിട്ടില്ല എന്ന് മറുപടി പറയാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി : സർ, B.J.P. Government പൊതുമേഖലാ സ്ഥാപനങ്ങളെയൊക്കെ dis-invest ചെയ്യാമെന്നുള്ള നിലയിൽ വളരെ speed-ൽ പോയിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ പാർലമെന്റു അംഗങ്ങളും മറ്റുള്ളവരുമൊക്കെ അതിനെതിരായി പ്രചരണങ്ങൾ നടത്തുക എന്നുള്ളതാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. അത് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നീക്കങ്ങളാണുണ്ടാകേണ്ടത്. കേരളത്തെ സംബന്ധിച്ചിടത്തോളം F.A.C.T.-യുടെ കാര്യത്തിൽ നമ്മുടെ എല്ലാ രാഷ്ട്രീയ പാർട്ടികളും, സംസ്ഥാന ഗവൺമെന്റുമൊക്കെ അവരുടെ പരിധിക്കകത്തുനിന്നു കൊണ്ട് ചെയ്യാവുന്ന കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ട്. ഇന്ന് F.A.C.T.-യിലെ തൊഴിലാളി യൂണിയൻ നേതാക്കളൊക്കെ ഇവിടെ വന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും എല്ലാപേരേയും കണ്ടു. State Government ചെയ്യാവുന്ന കാര്യങ്ങളൊക്കെ ചെയ്യാമെന്നുള്ള താൽപര്യവുമായിട്ട് മുന്നോട്ട് വന്നിട്ടുണ്ട്. F.A.C.T.-യിൽ ഇന്നുണ്ടായിരിക്കുന്ന സ്ഥിതി സംസ്ഥാന താൽപര്യത്തിന് അനുസൃതമായി മുന്നോട്ട് പോകുന്നതിന് പ്രതിബന്ധമായി വരും. ആ നിലക്ക് മുന്നോട്ട് പോകരുത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. കെ. ബാബു : സർ, ബഹുമാനപ്പെട്ട കെ. മുഹമ്മദാലി പറഞ്ഞതിനോട് എനിക്ക് യോജിപ്പാണ്. അത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ : സർ അങ്ങിവിടെ F.A.C.T.-മായി ബന്ധപ്പെട്ട് പറഞ്ഞ കാര്യം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാർലമെന്റിലോ രാജ്യസഭയിലോ കൊടുത്തിട്ടുണ്ടെങ്കിൽ F.A.C.T.-യെ സംരക്ഷിക്കുന്ന കാര്യത്തിൽ കേരളത്തിലെ ഒരു രാഷ്ട്രീയ പാർട്ടിയുമെതിരല്ല എല്ലാ രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയനുകളും ഒന്നിച്ച് നിൽക്കുകയാണ്. ഇത് സംരക്ഷിക്കുന്നതിനുവേണ്ടി കേരളത്തിലെ എം.പി.-മാർ രാജ്യസഭയിൽ പ്രശ്നമുന്നയിച്ചപ്പോൾ, ഇതിനെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഒരു നിലപാടും സ്വീകരിച്ചിട്ടില്ലെന്ന് ശ്രീ. അരുൺ ഷൂരി പറഞ്ഞു. F.A.C.T. സംരക്ഷിക്കുന്നതിനുവേണ്ടി മുന്നോട്ടുവന്ന എം.പി.-മാരെ നിരാശപ്പെടുത്തുന്ന ഒരു വാർത്തയാണിത്. അത് ശരിയല്ല എന്നും കേരളം ഒന്നിച്ച് F.A.C.T.-യെ സംരക്ഷിക്കുന്നതിനുവേണ്ടി നിൽക്കുന്നുണ്ടെന്നും ഇത് സംബന്ധിച്ച് കേരളാ ഗവൺമെന്റ് പ്രതികരിച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞെങ്കിൽ, കേരളത്തിലെ എം.പി.-മാർക്ക് കുറേക്കൂടി പ്രചോദനമാകില്ലേ ? അത് സംബന്ധിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. കെ. ബാബു : സർ, ഈ വിഷയം ഇപ്പോഴല്ല ചർച്ചാവിഷയമായിട്ടുള്ളത്. പാർലമെന്റിൽ കേന്ദ്രമന്ത്രി മറുപടി പറയുമ്പോൾ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറുപടി പറയാൻ പറ്റുമോ ? ഓരോ സന്ദർഭത്തിലും പ്രതികരിക്കും. ഇപ്പോൾ F.A.C.T.-യുടെ പ്രശ്നം വന്നു. ഒരു മാസത്തേക്ക് അവധി ചോദിക്കാനുള്ള ധാരണയിലാണ് ഇപ്പോൾ M.L.A.-മാർ പോയി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ടിട്ടുള്ളത്. ആ രീതിയിലാണ് പ്രതികരിക്കുന്നത്. ഇവിടെ സ്വകാര്യ വ്യക്തികൾക്ക് ഗവൺമെന്റ് ഗ്യാരന്റി കൊടുക്കുന്നു. ഈ നിയമത്തിൽ അതിന് വ്യവസ്ഥയുണ്ട്. സ്വകാര്യ വ്യക്തികൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും സർക്കാർ ജാമ്യം അനുവദിക്കുന്നതല്ല. ഗ്യാരണ്ടി കമ്മീഷൻ ഉപയോഗിച്ച് ഒരു ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാനുള്ള വ്യവസ്ഥ നിയമത്തിൽ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : സർ, ഗ്യാരണ്ടി കമ്മീഷൻ ഉപയോഗിച്ചുകൊണ്ട് Section 6-ൽ Guarantee Redumption Fund-നെക്കുറിച്ച് പറയുന്നുണ്ട്. യഥാർത്ഥത്തിൽ ഇതിനകത്ത് സർക്കാർ വകുപ്പോ, പൊതുമേഖലാ സ്ഥാപനങ്ങളോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ, Statutory Board-കളോ കടം എടുക്കുന്നതിനും Guarantee കൊടുക്കുന്നതിനും മാത്രമാണ്. അതിനെന്തിനാണ് ഈ Guarantee Commission ? Guarantee Commission സർക്കാർ വാങ്ങുന്നത് ശരിയാണോ ? അത് ഒഴിവാക്കുന്നത് സംബന്ധിച്ച് അദ്ദേഹത്തിന് എന്തെങ്കിലും അഭിപ്രായമുണ്ടോ ?

ശ്രീ. കെ. ബാബു : സർ, അതുകൊണ്ടാണല്ലോ ഗ്യാരണ്ടി കമ്മീഷൻ ഉപയോഗിച്ച് Guarantee Redumption Commission Fund-ന് രൂപം നൽകാൻ Government തീരുമാനിച്ചത്. ഇങ്ങനെ ഒരു സംസ്ഥാനത്തിന്റെ ഭാവിയെക്കുറിച്ചും, നിലനിൽപിനെക്കുറിച്ചും ധാരണയുള്ള എല്ലാ Government-ഉം ഇതുപോലെ ഒരു നിയമം ആ കാലഘട്ടത്തിൽ കൊണ്ടുവരും. പല സംസ്ഥാനങ്ങളും കൊണ്ടു വന്നുകഴിഞ്ഞു. ഇവിടെ നേരത്തെ പറഞ്ഞതുപോലെ, സാമ്പത്തിക ഉത്തരവാദിത്വവും, നിയമനിർമ്മാണവും, ഗ്യാരണ്ടിയും നിശ്ചയിക്കാനുള്ള നിയമം A.D.B-ക്ക് വേണ്ടിയാണെന്ന് പറഞ്ഞത് ശരിയല്ല. പശ്ചിമ ബംഗാളിൽ ഈ നിയമം കൊണ്ടു വന്നു. പശ്ചിമ ബംഗാൾ ഗവൺമെന്റ് A.D.B-ക്കുവേണ്ടി കൊണ്ടുവന്ന നിയമമാണ് ഇതെന്ന് അപ്പുറത്തിരിക്കുന്ന ആരും പറയുമെന്ന് എനിക്ക് തോന്നുന്നില്ല. സംസ്ഥാനത്തിന്റെ ഇന്നത്തെ പരിതഃസ്ഥിതിയിൽ ഇങ്ങനെ ചില സാമ്പത്തിക അച്ചടക്കങ്ങൾ പാലിക്കേണ്ടതായിട്ടുവന്നു. സാമ്പത്തിക സുസ്ഥിരത ഉണ്ടാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി നിശ്ചയിക്കേണ്ടത് ഇന്ന് സംസ്ഥാനത്തിന് വളരെ അത്യാവശ്യമായി വന്നിരിക്കുകയാണ്. ഞാൻ ഇതിന് മുമ്പ് അവതരിപ്പിച്ച ബില്ലിലും ധനകാര്യ മാനേജുമെന്റിന്റെ കാര്യത്തിൽ ഒരു പുതിയ അദ്ധ്യായം തുറക്കുമെന്ന് പറഞ്ഞിരുന്നു. ഇന്ത്യാ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളും ഈ വിധത്തിലുള്ള, സാമ്പത്തിക മംഗത്തെ പുതിയ സമീപനവുമായിട്ടാണ് മുന്നോട്ട് പോകുന്നത്. ഇവിടെ ഈ ബില്ലിനെക്കുറിച്ച് സംസാരിച്ചപ്പോൾ, 1963-ൽ ഗുജറാത്തിൽ ഈ വിധത്തിലുള്ള ഒരു ബില്ല് കൊണ്ടു വന്നു. ഗോവ 1993-ൽ കൊണ്ടുവന്നു. സിക്കിം 2000-ൽ കൊണ്ടുവന്നു. പശ്ചിമബംഗാൾ 2001-ൽ കൊണ്ടുവന്നു. നമ്മൾ 2003-ൽ കൊണ്ടുവരുന്നു. ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നത്, ഗ്യാരണ്ടിക്ക് ഒരു വ്യവസ്ഥ ഉണ്ടാക്കുക എന്നതാണ്. അതിനൊരു വ്യവസ്ഥയെന്ന് പറയുമ്പോൾ, എന്തെല്ലാം കാര്യങ്ങൾക്ക് ഗ്യാരന്റി നൽകും ? ഇപ്പോൾ പൊതുമേഖലയെക്കുറിച്ച് സംസാരിച്ചു. പൊതുമേഖലക്ക് ഗ്യാരന്റി നൽകേണ്ടതായിട്ട് വരും. പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ വരുമ്പോൾ ഗ്യാരന്റി നൽകേണ്ടതായിട്ടുവരും. കോ-ഓപ്പറേറ്റീവ് പ്രസ്ഥാനത്തിന് ഗ്യാരന്റി നൽകേണ്ടതായിട്ടുവരും. ഇവിടെ ശ്രീ. രാജനും, ശ്രീ. കെ. പി. രാജേന്ദ്രനും സൂചിപ്പിച്ച ഒന്നുരണ്ട് കാര്യങ്ങൾ, ഗ്യാരന്റി നൽകുമ്പോൾ, ആ ഗ്യാരന്റി നൽകുന്ന സ്ഥാപനത്തിന് ഇത് തിരിച്ചടയ്ക്കാൻ സൗകര്യം ഉണ്ടോയെന്നുകൂടി പരിശോധിക്കുന്നത് നല്ലതാണ്. ഒരാൾ ജാമ്യം നിൽക്കുമ്പോൾ, ജാമ്യക്കാരന് ആസ്തി ഉണ്ടോയെന്ന് പരിശോധിക്കുന്നത് നല്ലതാണ്. അതിൽ വലിയ അഭിപ്രായ

വ്യത്യാസമില്ല. ഈ ബില്ലിനെക്കുറിച്ച് സംസാരിച്ചപ്പോഴും, ഇവിടത്തെ സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് രണ്ടുവട്ടവും പരാമർശിച്ചു. അങ്ങനെ ഒരു സാമ്പത്തിക പ്രതിസന്ധിയില്ല. സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ ശ്രീ. കെ. പി. രാജേന്ദ്രൻ കഴിഞ്ഞ ബില്ലിന്റെ കാര്യം സംസാരിച്ചു. അങ്ങനെയൊരു സാമ്പത്തിക പ്രതിസന്ധിയില്ല. മലയാള മനോരമ ദിനപത്രത്തിൽ ഇന്ന് വന്ന ഒരു കാര്യത്തെക്കുറിച്ച് അദ്ദേഹം പരാമർശിച്ചു. ഞാനത് ഒന്നുകൂടി എടുത്ത് പരിശോധിച്ചു. ഞാൻ ഇന്നലെ നിയമസഭയിൽ പറഞ്ഞ കാര്യങ്ങൾ തന്നെ ആവർത്തിച്ച് പറഞ്ഞിരിക്കുന്നു. കാരണം ജനങ്ങൾക്ക് ഇതിനെക്കുറിച്ച് ബോധമുണ്ടാകുന്നത് നല്ലതാണ്. അത് ആവർത്തിച്ച് പറഞ്ഞതിൽ ഒരു തെറ്റുമില്ല. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ഇന്നതാണ്. ഇത്ര ഓവർ ഡ്രാഫ്റ്റുണ്ട്. ഇത്ര വരുമാനമുണ്ട്. ഇത്ര എക്സ്പെന്റിച്ചറുണ്ട്. ഇതിൽ റവന്യൂ കമ്മി ഇത്രയാണ്, അതൊക്കെ എഴുതേണ്ടത് പത്രങ്ങളുടെ ചുമതലയാണ്. ഏത് പത്രം എങ്ങനെ ചെയ്യുന്നതും നല്ലതാണ്. അത് അറിഞ്ഞുകൊണ്ട്, ഡിപ്പാർട്ടുമെന്റിനും, ഗവൺമെന്റിനും സാമ്പത്തിക രംഗത്ത് മാറ്റം വരുത്താൻ സാധിക്കും. നമ്മൾ വിമർശനത്തെ ഒരു കാരണവശാലും ഭയപ്പെടേണ്ട കാര്യമില്ല. ഇഫക്ടീവായിട്ടുള്ള, പോസിറ്റീവായിട്ടുള്ള വിമർശനത്തെ ഗവൺമെന്റ് എപ്പോഴും സ്വാഗതം ചെയ്യും. ഈ ബില്ലിൽ വരുത്തേണ്ട ചില മാറ്റങ്ങളെക്കുറിച്ചും പരാമർശിച്ചു. അതോടൊപ്പം തന്നെ കേരളത്തിലെ കാലികമായ ഒരു പ്രശ്നത്തെക്കുറിച്ച് പറഞ്ഞത് ഫാക്ടറിനെ കുറിച്ചാണ്. ഞാൻ ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ത്യാ ഗവൺമെന്റിന് എഴുതിയിട്ടുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട ബാബു പറഞ്ഞ കൂട്ടത്തിൽ അക്കാര്യം പറഞ്ഞു. നിയമസഭാ സാമാജികന്മാർ മുഖ്യമന്ത്രിയെ കണ്ടിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനനുകൂലമായി ഇന്ത്യാ ഗവൺമെന്റുമായി സംസാരിച്ചു. അതിന്റെ കൺസേൺഡ് മന്ത്രിമാരുമായി സംസാരിച്ചു. ഈ വിധത്തിലുള്ള കാര്യങ്ങൾ നമ്മൾ വിമർശനബുദ്ധിയോടുകൂടി അല്ലാതെ സഹകരണ ബുദ്ധിയോടുകൂടി, പ്രതിപക്ഷവും ഭരണപക്ഷവുംകൂടി ഈ മാതിരിയുള്ള സ്ഥാപനങ്ങൾ നിലനിറുത്തുന്നതിനുവേണ്ടി ശ്രമിക്കുന്നത് കുറേക്കൂടി അഭികാമ്യമായി തോന്നുന്നു. "ഇഫ്ക്കോ"-യെ സംബന്ധിച്ചിടത്തോളം "ഇഫ്ക്കോ" ആ ഫീൽഡിൽനിന്നും പോയിട്ടില്ല. അവർ എഫ്.എ.സി.ടി. ഏറ്റെടുക്കേണ്ട കാര്യത്തെ കുറിച്ച് ഒന്നുകൂടി ആലോചിക്കുന്നു. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ തീരുമാനം എന്താണെന്നു വ്യക്തമായിട്ടില്ല എന്നുള്ളത് പത്രം വായിക്കുമ്പോൾ അതിന്റെ അപ്രോച്ചിൽനിന്നും മനസ്സിലാകുന്നു. ഡിസ്ഇൻവെസ്റ്റ്മെന്റ് ചെയ്ത് എല്ലാം വിറ്റ് തുലയ്ക്കുക എന്നുള്ളത് ഏത് ഗവൺമെന്റായാലും ആ നയം ശരിയല്ല. ഇന്ത്യാ ഗവൺമെന്റായാലും സംസ്ഥാന ഗവൺമെന്റായാലും സംസ്ഥാനത്തിന്റെ പൊതുസ്വത്ത്, ജനങ്ങളുടെ പൊതുസ്വത്ത് വിറ്റ് ആരിൽനിന്നെങ്കിലും കാശുവാങ്ങി തത്ക്കാലം കാര്യങ്ങൾ കൈകാര്യം ചെയ്യുക എന്നുള്ള നയം അംഗീകരിക്കാൻ പറ്റില്ല. അത് ഇന്ത്യാ ഗവൺമെന്റിന് ഒട്ടും പറ്റില്ല. സംസ്ഥാന ഗവൺമെന്റിനും പറ്റില്ല. ഒരു കാരണവശാലും അത് ശരിപ്പെടുത്തി എടുക്കാൻ പറ്റില്ല. എന്നുവച്ചാൽ, മുമ്പ് ചെയ്തിട്ടുണ്ട്. അതിനുമുമ്പും ചെയ്തിട്ടുണ്ട്. അങ്ങനെ വരുമ്പോൾ ചെയ്യാം. അതാണ് പ്രധാനമായ നയം, പ്രധാനമായ ആൻസർ....എന്നുള്ളത് ഒരു കാരണവശാലും

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കാൻ പറ്റുന്ന കാര്യമല്ല. സംസ്ഥാന ഗവൺമെന്റിന് ആ നിലയ്ക്ക് മുന്നോട്ട് പോകാൻ പറ്റില്ല. ഒരു കമ്മിറ്റിയിൽ വച്ച് വ്യവസ്ഥയെക്കുറിച്ച് പഠിച്ചു എന്നുള്ളതുകൊണ്ട് ആ വ്യവസ്ഥ വേണ്ടെന്ന് തീരുമാനിക്കുന്നില്ല. അങ്ങനെ തീരുമാനിച്ചിട്ടില്ല. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രീ. എൻ. രാജൻ അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എൻ. രാജൻ : ഞാൻ എന്റെ ഭേദഗതി പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. എൻ. രാജൻ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കണം എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. ബാബുവിന്റെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. ബാബു : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2002-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് അയയ്ക്കണമെന്ന പ്രമേയത്തെ അംഗീകരിക്കണം എന്ന പ്രശ്നം സംബന്ധിച്ച്.

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2002-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി ബിൽ VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയക്ക് അയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ആഗസ്റ്റ് മാസം 1-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് ശേഷം 12.50-ന് പിരിഞ്ഞു.

1121/13

LIBRARY ARCHIVES Kerala Legislative Assembly